പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2262 11.06.2018 ൽ മറുപടിയ്ക്ക്

അരിവില നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ആർ. രാജേഷ് | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അരിവില നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) അരിയുടെ വില നിയന്ത്രിക്കുന്നതിനായി സപ്ലൈകോ വിൽപ്പനശാലകളിലൂടെ 30 മുതൽ 42 ശതമാനം വരെ വിലക്കുറവിൽ, സബ്സിഡി നിരക്കിൽ ജയ അരി, കുറുവ അരി, പച്ചരി, മട്ടയരി മുതലായവയും നോൺ സബ്സിഡി നിരക്കിൽ എല്ലാ അരി ഇനങ്ങളും പൊതുവിപണിയിലേതിനേക്കാൾ വിലകുറച്ച് അളവ് നിയന്ത്രണമില്ലാതെ വിൽപ്പന നടത്തിവരുന്നു. അരിയുടെ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി അരി സംഭരിച്ച് കിലോ ഗ്രാമിന് 25 രൂപ നിരക്കിലും സംസ്ഥാനത്തുടനീളം അരിക്കടകൾ ആരംഭിച്ച് കുറഞ്ഞ നിരക്കിലും അരി വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) ഇടനിലക്കാരെ ഒഴിവാക്കി അരി നേരിട്ട് സംഭരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ബി) കഴിഞ്ഞ ഓണക്കാലത്ത് 5165 മെ. ടൺ അരി ആന്ധ്രാപ്രദേശ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി മില്ലുകളിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുണ്ട്. നിലവിലുള്ള കേന്ദ്രീകൃത ഇ-ടെണ്ടർ സംവിധാനത്തിൽ ഉത്പാദക സംസ്ഥാനത്തുനിന്നും കൂടുതൽ സ്ഥാപനങ്ങൾ പങ്കെടുക്കുന്നത് മത്സരക്ഷമതയും അരിയുടെ ലഭ്യതയും വർദ്ധിപ്പിക്കുന്നതിനും വിലനിയന്ത്രിക്കുന്നതിനും സാധിച്ചിട്ടുണ്ട്. |
| (സി) സംസ്ഥാനത്തെ റേഷൻ കടകളിൽ വരുത്തിയ പരിഷ്കാരങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; ഇനിയും നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ള കാര്യങ്ങൾ വ്യക്തമാക്കുമോ? | (സി) ദേശീയ ഭക്ഷ്യ ഭദ്രത നിയമം അനുശാസിക്കുന്ന രീതിയിൽ റേഷൻ കടകളിലേയ്ക്കുള്ള വാതിൽപ്പടി വിതരണം സപ്ലൈകോ മുഖാന്തിരം ആരംഭിക്കുകയും റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിച്ച് റേഷൻ വിതരണം നടത്തുകയും ചെയ്യുന്നു. എല്ലാ റേഷൻ കടകളും ഏകീകൃത മാതൃകയിലുള്ള നെയിം ബോർഡ്, സ്റ്റോക്ക് ബോർഡ്, വിലവിവര പട്ടിക, ഏകീകൃത കളർ കോഡ് എന്നിവ നൽകി പരിഷ്കരിക്കുവാനും സപ്ലൈകോയുടെ സബ്സിഡി |

നോൺ മാവേലി സാധനങ്ങൾ തിരഞ്ഞെടുക്കപ്പെട്ട റേഷൻ കടകൾ വഴി വിൽപ്പന നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ